# വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ ശ്രീലങ്കൻ സന്ദർശനം നടത്തി

ജൂൺ 20, 2024

കൊളംബോ- ഇന്ത്യൻ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ 2024 ജൂൺ 20-ന് ശ്രീലങ്കയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി. വീണ്ടും മന്ത്രയായി തെരഞ്ഞെടുക്കപ്പെട്ട ശേഷമുള്ള  അദ്ദേഹത്തിന്റെ ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. ഇന്ത്യൻ പ്രധാനമന്ത്രിയായി ശ്രീ. നരേന്ദ്രമോഡി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട് അധികാരമേൽക്കുന്ന ചടങ്ങിൽ ശ്രീലങ്കലൻ പ്രസിഡന്റ്  ശ്രീ.റനിൽ വിക്രമസിംഗെ സന്നിഹിതനായിരുന്നു. ജൂൺ 09-10 തീയതികളിലായിരുന്നു ശ്രീലങ്കൻ പ്രസിഡന്റിന്റെ സന്ദർശനം. ഈ സന്ദർശനത്തിന് പിന്നാലെയാണ് എസ്.ജയശങ്കർ ശ്രീലങ്കയിലേക്ക് പോയത്. 2021 ജനുവരി, 2022 മാർച്ച്, 2023 ജനുവരി, 2023 ഒക്ടോബർ എന്നീ കാലങ്ങളിൽ ജയശങ്കർ നാല് തവണ ശ്രീലങ്ക സന്ദർശിച്ചിരുന്നു.

2.ശ്രീലങ്കൻ പ്രസിഡന്റ് ശ്രീ.റനിൽ വിക്രമസിംഗെ, പ്രധാനമന്ത്രി ശ്രീ. ദിനേശ് ഗുണവർധന, ശ്രീലങ്കൻ വിദേശകാര്യമന്ത്രി എം.യു.എം അലി സബ്രി എന്നിവരുമായി ഇന്ത്യൻ വിദേശകാര്യമന്ത്രി ശ്രീലങ്കൻ രാഷ്ട്രപതി ഭവനിൽ ചർച്ച നടത്തി. വിദേശകാര്യമന്ത്രിയുമായി പ്രസിഡന്റ് വിക്രമസിംഗെ നേരിട്ട് ചർച്ച നടത്തി. തുടർന്ന് തുറമുഖ, ഷിപ്പിംഗ്, വ്യോമയാന മന്ത്രി  ശ്രീ. നിമൽ സിരിപാല ഡി സിൽവ, കൃഷി, തോട്ടം വ്യവസായ മന്ത്രി ശ്രീ. മഹിന്ദ അമരവീര, വിദേശകാര്യ മന്ത്രി  എം.യു.എം. അലി സാബ്രി, വൈദ്യുതി ഊർജ മന്ത്രി കാഞ്ചന വിജേശേഖര എന്നിവരുമായും എസ്.ജയശങ്കർ ചർച്ച നടത്തി.

3.ഇന്ത്യ-ശ്രീലങ്ക വികസന സഹകരണത്തിന്റെ സമഗ്രവും ജനകേന്ദ്രീകൃതവുമായ പങ്കാളിത്തത്തിന് തെളിവായി, കൊളംബോ, ട്രിങ്കോമാലി ജില്ലകളിലെ മോഡൽ വില്ലേജ് ഹൗസിംഗ് പ്രോജക്ടിന് കീഴിൽ പ്രസിഡന്റ് വിക്രമസിംഗെയും വിദേശകാര്യമന്ത്രി എസ്.ജയശങ്കറും സംയുക്തമായി 48 വീടുകൾ കൈമാറി.  കാൻഡി, മാത്തലെ, നുവാര ഏലിയ ജില്ലകളിലായായാണ് ഇന്ത്യൻ ഭവന പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ 106 വീടുകൾ നിർമ്മിച്ചത്. ആറു മില്യൺ യുഎസ് ഡോളറിന്റെ ഇന്ത്യൻ ഗ്രാന്റ് ഉപയോഗിച്ച് സ്ഥാപിച്ച മാരിടൈം റെസ്ക്യൂ കോർഡിനേഷൻ സെന്ററും (എംആർസിസി) സംയുക്തമായി കമ്മീഷൻ ചെയ്തു. കടലിലെ തിരച്ചിലിനും രക്ഷാപ്രവർത്തനത്തിനുമുള്ള സുപ്രധാന കേന്ദ്രമാണിത്.

4.ശ്രീലങ്കൻ ഗവൺമെന്റിന്റെ നേതൃത്വവുമായുള്ള വിദേശകാര്യമന്ത്രിയുടെ ഇടപെടൽ, ബഹുമുഖമായ ഇന്ത്യ-ശ്രീലങ്ക പങ്കാളിത്തത്തിൽ പുരോഗതി അവലോകനം ചെയ്യാനും ത്വരിതപ്പെടുത്താനും അവസരമൊരുക്കി. 2023 ജൂലൈയിലെ മുൻ ഇന്ത്യാ സന്ദർശന വേളയിൽ രാഷ്ട്രപതി വിക്രമസിംഗെയും പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും സ്വീകരിച്ച വിഷൻ ഡോക്യുമെന്റാണ് ചർച്ചയിലെ പ്രധാന കേന്ദ്രങ്ങളിലൊന്ന്. ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്കും അതിന്റെ എല്ലാ തലങ്ങളിലും കണക്റ്റിവിറ്റി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾക്കും സന്ദർശനം ആക്കം കൂട്ടി. ഊർജം, ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ, അതുപോലെ സാമ്പത്തികവും ജനങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ മേഖലകളിൽ പ്രത്യേകിച്ചു.

5.ഡോ. എസ്. ജയശങ്കർ മുൻ രാഷ്ട്രപതി മഹീന്ദ രാജപക്സെ, പ്രതിപക്ഷ നേതാവ് എച്ച്.ഇ. സജിത് പ്രേമദാസ, വടക്ക്, കിഴക്ക്, മലയോര മേഖലയിലെ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ എന്നിവരുമായും കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളിലെയും ജനങ്ങളുടെ വളർച്ചയ്ക്കും അഭിവൃദ്ധിയ്ക്കും ശക്തമായ ഇന്ത്യ-ശ്രീലങ്ക പങ്കാളിത്തം ഗുണകരമാണെന്ന് എല്ലാവരും ഉറപ്പിച്ചു പറഞ്ഞു.

6.'അയൽപക്കത്തിന് ആദ്യം'എന്ന ഇന്ത്യയുടെ നയത്തിലും സാഗർ ദർശനത്തിലുമുള്ള ശ്രീലങ്കയുടെ കേന്ദ്ര സ്ഥാനം ഇന്ത്യൻ വിദേശകാര്യ മന്ത്രിയുടെ സന്ദർശനം അടിവരയിടുന്നു. ശ്രീലങ്കയുടെ സാമ്പത്തിക വീണ്ടെടുക്കലിനും സുസ്ഥിരതയ്ക്കും ആഴത്തിലുള്ള ദീർഘകാല സാമ്പത്തിക സഹകരണം രൂപപ്പെടുത്തുന്നതിനും ശ്രീലങ്കയുടെ സുസ്ഥിരവും തുല്യവുമായ വളർച്ചയ്ക്കും ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ പരസ്പര സമൃദ്ധിക്കും മുൻഗണന നൽകുമെന്ന കാര്യം സന്ദർശനം അടിവരയിട്ടു പറഞ്ഞു.

**കൊളംബോ**
**ജൂൺ 20, 2024**